LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ജെന്ററുകളുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി

161 (4549) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ പുനഃസംയോജനം എന്നിവ സാധ്യമാകുന്ന തരത്തിലുള്ള ഒരു സമഗ്ര പദ്ധതിയാണ് "മഴവില്ല്" എന്ന പേരിൽ 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആയത് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. ഇതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിലും, ജില്ലാ തലത്തിലും സംവിധാനങ്ങൾ നിലവിലുണ്ട്. വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഗുണഭോക്താക്കളുടെ ജീവിത സാഹചര്യത്തിലും, പൊതു സ്വീകാര്യതയിലും, സാമ്പത്തിക ഭദ്രതയിലും, വിദ്യാഭ്യാസ നിലവാരത്തിലും നേടിയിട്ടുള്ള പുരോഗതി സംബന്ധിച്ച് വിശദമായി പഠനം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നടന്നുവരുന്നു. 2018 മുതൽ സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം, തുടർചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇപ്രകാരം ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ചില ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആരോഗ്യ-മാനസിക പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ വ്യക്തികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട്. ആയതിനാൽ POST SRS-മായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിനായി 23-7-2021-ൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.